# 13th round of India-China Corps Commander Level Meeting

October 11, 2021

---

## ഇന്ത്യ -ചൈന 13 ആം ഘട്ട സൈനികകമാണ്ടർ നിലയിലുള്ള സമ്മേളനം

ഒക്ടോബർ 11, 2021

ഇന്ത്യ-ചൈന സൈനിക കമാൻഡർ തല സമ്മേളനത്തിന്റെ 13-മത് റൗണ്ട്, 2021 ഒക്ടോബർ 10-ന് ചുഷുൽ-മോൾഡോ ബോർഡർ മീറ്റിംഗ് പോയിന്റിൽ നടന്നു. കൂടിക്കാഴ്ചയ്ക്കിടയിൽ കിഴക്കൻ ലഡാക്കിലെ നിയന്ത്രണ രേഖയിലെ ബാക്കിയായ പ്രശനങ്ങൾ പരിഹരിക്കുന്നതിൽ ഇരു വിഭ്ഗങ്ങളും ശ്രദ്ധ കേന്ദ്രീകരിച്ചു.നിയമാധികാരം മാറ്റുന്നതിനായി. ചൈനയുടെ ഭാഗത്തുനിന്നുണ്ടായ ഏകപക്ഷീയമായ ശ്രമങ്ങളും, ഉഭയകക്ഷി ഉടമ്പടികളുടെ ലംഘനവുമാണ് യഥാർത്ഥ നിയന്ത്രണ രേഖയിലെ ഇപ്പോഴത്തെ സാഹചര്യത്തിന് കാരണമെന്ന് ഇന്ത്യൻ പക്ഷം ചൂണ്ടിക്കാട്ടി.അതിനാൽ, പടിഞ്ഞാറൻ മേഖലയിലെ നിയന്ത്രണ രേഖയിൽ സമാധാനവും ശാന്തിയും പുനസ്ഥാപിക്കാൻ ചൈനീസ് പക്ഷം അവശേഷിക്കുന്ന മേഖലകളിൽ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടത് ആവശ്യമാണ്. അവശേഷിക്കുന്ന പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കണമെന്ന് അനുകൂലിച്ചുകൊണ്ട് ദുഷാൻബെയിൽ വച്ചു രണ്ട് വിദേശകാര്യ മന്ത്രിമാരും തമ്മിൽ അടുത്തിടെ നടന്ന കൂടിക്കാഴ്ചയിൽ നൽകിയ മാർഗ്ഗനിർദ്ദേശത്തിന് അനുസരിച്ചായിരിക്കും ഇത്. ബാക്കി നിക്കുന്ന പ്രദേശങ്ങളിലെ ഇത്തരം പരിഹാരങ്ങൾ ഉഭയകക്ഷി ബന്ധത്തിൽ പുരോഗതി സുഗമമാക്കുന്നുവെന്ന് ഇന്ത്യൻ പക്ഷം ഊന്നി പറഞ്ഞു. അതിനാൽ, ശേഷിക്കുന്ന പ്രദേശങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഇന്ത്യൻ പക്ഷം മുന്നോട്ടു വച്ചെങ്കിലും ചൈനീസ് പക്ഷത്തിന് അംഗീകരിക്കാൻ കഴിഞ്ഞില്ല, കൂടാതെ പ്രതീക്ഷിക്കാനുതകുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകാനും കഴിഞ്ഞില്ല. സമ്മേളനം ബാക്കിയുള്ള പ്രദേശങ്ങളിലെ പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിനു സഹായകരമായില്ല

ആശയവിനിമയങ്ങൾ നിലനിർത്താനും പ്രദേശങ്ങളിൽ സ്ഥിരത നിലനിർത്താനും ഇരുപക്ഷവും സമ്മതിച്ചിട്ടുണ്ട്. ഉഭയകക്ഷി ബന്ധത്തിന്റെ മൊത്തത്തിലുള്ള വീക്ഷണം ചൈനീസ് പക്ഷം കണക്കിലെടുക്കുമെന്നും ഉഭയകക്ഷി ബന്ധങ്ങളും പ്രോട്ടോക്കോളുകളും പൂർണ്ണമായി പാലിച്ചുകൊണ്ട് തന്നെ ബാക്കിയുള്ള പ്രശ്നങ്ങൾക്കും പെട്ടന്ന് തന്നെ പരിഹാരം കണ്ടെത്തുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്..

ന്യൂ ഡൽഹി
ഒക്ടോബർ 11, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.